(സി) മേൽപ്പറഞ്ഞ കമ്പനികളൊന്നുംതന്നെ യൂണിഫോം യഥാസമയം വിതരണം നടത്തിയിട്ടില്ല.

(ഡി) ഈ വർഷം യൂണിഫോം വിതരണം എസ്.എം.സി. മുഖേന നൽകുവാനാണ് തീരുമാനിച്ചിരിക്കുന്നത്.

(ഇ) യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

അദ്ധ്യാപക/അദ്ധ്യാപികമാരുടെ യൂണിഫോം

33 (6998) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം അദ്ധ്യാപക/അദ്ധ്യാപികമാർ യൂണിഫോം ധരിക്കുന്നതുമായി ബന്ധപ്പെട്ട് ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

സ്കൂൾ ബ്ലാക്ക് ബോർഡുകളുടെ നിറംമാറ്റം

34 (6999) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളിൽ ബ്ലാക്ക് ബോർഡിന് പകരം മറ്റെങ്കിലും കളറിൽ ബോർഡുകൾ സ്ഥാപിക്കാൻ ആരെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനകം എവിടെയൊക്കെ ബോർഡുകളുടെ കളർ മാറ്റിയെന്ന് വെളിപ്പെടുത്താമോ ;

(സി) ബ്ലാക്ക് ബോർഡുകളുടെ നിറംമാറ്റം വിദ്യാഭ്യാസ മേഖലയിലുണ്ടായേക്കാവുന്ന ആശങ്ക പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദീകരിക്കാമോ ?

ഉത്തരം

(എ) നിലവിലുള്ള ബ്ലാക്ക് ബോർഡ് കാലഹരണപ്പെട്ടതാണെങ്കിൽ ഹൈ കപ്പാസിറ്റി ബോർഡുകൾ തുകയുടെ ലഭ്യതയനുസരിച്ച് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ഡി.ജി.എസ്. ആന്റ് ഡി റേറ്റ് പ്രകാരം എസ്.എം.സി-കൾക്ക് വാങ്ങാവുന്നതാണെന്ന് എസ്.എസ്.എ.-യിൽനിന്നും നിർദ്ദേശം നൽകിയിരുന്നു.

(ബി-ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly